**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 360** **08-08-2023 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്ത് തൊഴിൽ ആവശ്യപ്പെട്ട എല്ലാ തൊഴിലുറപ്പ് തൊഴിലാളികൾക്കും തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ, തൊഴിൽ ആവശ്യപ്പെട്ട 16.30 ലക്ഷം കുടുംബങ്ങൾക്കും തൊഴിൽ അനുവദിച്ചിട്ടുള്ളതും ഇതിൽ 15.51 ലക്ഷം കുടുംബങ്ങൾ തൊഴിൽ ചെയ്തിട്ടുള്ളതുമാണ്. |
| (ബി) | ഇതിൽ എത്ര തൊഴിലാളികൾക്ക് 100 ദിനം തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) | 4,49,638 കുടുംബങ്ങൾക്ക് 100 ദിനം തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | പ്രസ്തുത വർഷം കേന്ദ്രസർക്കാർ അംഗീകരിച്ച തൊഴിൽദിനങ്ങൾ എത്രയാണെന്നും അതിൽ കേരളം നൽകിയ തൊഴിൽ ദിനങ്ങൾ എത്രയാണെന്നും വിശദമാക്കാമോ; | (സി) | 2022-23 വർഷം 9.5 കോടി തൊഴിൽദിനങ്ങളാണ് കേന്ദ്രസർക്കാർ ആകെ അനുവദിച്ചത്. എന്നാൽ, സംസ്ഥാനം 9.65 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു നൽകുകയുണ്ടായി. |
| (ഡി) | കേന്ദ്രസർക്കാരിൽ നിന്ന് സംസ്ഥാനത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് കുടിശിക ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ച് വിശദമാക്കാമോ? | (ഡി) | നിലവിൽ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് കുടിശ്ശിക ഒന്നും ലഭ്യമാകാനില്ല. |

സെക്ഷൻ ഓഫീസർ